# കേരളസർവകലാശാല

നം.പി.ആർ.231/2023 തിരുവനന്തപുരം, തീയതി: 07/11/2023

## പത്രക്കുറിപ്പ്

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല എം.എഡ്. (സി.എസ്.എസ്) 2023-25 ബാച്ചിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 2023 നവംബർ 9 ന് രാവിലെ 10 മണിക്ക് തൈക്കാട് മോഡൽ സ്കൂൾ ക്യാമ്പസ്സിലുള്ള വിദ്യാഭ്യാസ പഠന വകുപ്പിൽ വച്ച് നടത്തുന്നു. താൽപ്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ രേഖകൾ സഹിതം വകുപ്പ് മേധാവി മുൻപാകെ ഹാജരാകേണ്ടതാണ്. അഡ്മിഷൻ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും.

### പുനഃക്രമീകരിച്ച പ്രാക്ടിക്കൽ/വൈവ പരീക്ഷ

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം. കൊമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ഡിഗ്രി കോഴ്സിന്റെ പ്രായോഗിക പരീക്ഷകൾ യഥാക്രമം 2023 നവംബർ 13, 14 തീയതികളിലേയ്ക്കും, 2023 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.കോം. കൊമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ഡിഗ്രി കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം 2023 നവംബർ 15, 16 തീയതികളിലേയ്ക്കും പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷകൾ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഒക്ടോബർ 16 ന് അമ്പലത്തറ നാഷണൽ കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (ബി.എസ്.ഡബ്ല്യൂ) (315), ജൂലൈ 2023 വൈവ-വോസി പരീക്ഷ നവംബർ 9 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാ കേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. മാസ്സ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് 2023 നവംബർ 16 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ എം.എസ്സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ അപ്ലൈഡ് ഇലക്ട്രോണിക്സ്, എം.എസ്സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ സ്പേസ് ഫിസിക്സ്, എം.എസ്സി. ഫിസിക്സ് വിത്ത്

സ്പെഷ്യലൈസേഷൻ ഇൻ റിന്യൂവബിൾ എനർജി, എം.എസ്‌സി. അപ്ലൈഡ് അക്വാ കൾച്ചർ, എം.എസ്‌സി. ബയോകെമിസ്ട്രി, എം.എസ്‌സി. അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഡാറ്റാ അനലിറ്റിക്സ്, എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ്, എം.എസ്‌സി. അക്വാട്ടിക് ബയോളജി & ഫിഷറീസ്, എം.എസ്‌സി. ആക്ച്വൂറിയൽ സയൻസ്, എം.എ. ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ എന്നീ പരീക്ഷകളുടെ (2021-2023) ബാച്ചിന്റെ ഫലം പ്രസിദ്ധീകരിച്ചു.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ഒക്ടോബർ 20 ൽ നിന്ന് നവംബർ 1 ലേക്ക് പുനഃക്രമീകരിച്ച നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി. കെമിസ്ട്രി (കോർ & കോംപ്ലിമെന്ററി), ജൂലൈ 2023 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 13 ന് വിവിധ കോളേജുകളിൽ വച്ച് നടത്തുന്നു. സമയക്രമത്തിൽ മാറ്റമില്ല.

## സൗജന്യ പി.എസ്.സി. പരിശീലനം

കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന ഡിഗ്രി ലെവൽ പരീക്ഷക്ക് ഉദ്യോഗാർത്ഥികളെ സജ്ജമാക്കുന്നതിനായി പി. എം. ജി. ജംഗ്ഷനിലെ കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്ററിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ 2023 ഡിസംബർ മാസം 04 മുതൽ സൗജന്യ പി.എസ്.സി. പരിശീലന ക്ലാസ്സ് ആരംഭിക്കുന്നു. പരിശീലന ക്ലാസ്സിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ എത്രയും വേഗം ഓഫീസിൽ നേരിട്ട് എത്തി അവരവരുടെ പേരുവിവരം രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് അവസരം. കൂടുതൽ വിവരങ്ങൾക്കായി ഓഫീസ് പ്രവർത്തന സമയത്ത് 0471 – 2304577 എന്ന നമ്പറിൽ ബന്ധപ്പെടുക.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**